നടത്തുന്നതായോ, അംഗീകൃത പ്ലാനിൽ നിന്നും വ്യതിയാനം വരുത്തി നിർമ്മാണം നടത്തുന്നതായോ ശ്രദ്ധയിൽപ്പെട്ടാൽ സെക്രട്ടറി നോട്ടീസ് നൽകി ആവശ്യമുള്ളപക്ഷം മാറ്റങ്ങൾ വരുത്തേണ്ടതാണ്. ഇതു കൂടാതെ കെ.എം.ബി.ആർ.-ലെ ചട്ടം 18 പ്രകാരം ചട്ടപ്രകാരമല്ലാത്തതോ, നിയമ ലംഘനമുള്ളതോ ആയ നിർമ്മാണത്തിനെതിരെ 'താൽക്കാലിക ഉത്തരവ്', 'കൺഫർമേഷൻ ഉത്തരവ്' എന്നിവ നൽകി നിർമ്മാണം പൊളിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

കെ.എം.ബി.ആർ.-ലെ ചട്ടം 158 പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെ നിർമ്മാണമോ, പുനർനിർമ്മാണമോ അല്ലെങ്കിൽ രൂപഭേദം വരുത്തലോമൂലം മനുഷ്യന് ഭീഷണി ഉണ്ടാകവാൻ സാധ്യതയുള്ളതാണെന്ന് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെട്ടാൽ ആയത് തടയുന്നതിനുള്ള അധികാരം സെക്രട്ടറിയിൽ നിക്ഷിപ്തമാണ്.

കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ, ചട്ടം 157 പ്രകാരം നിയമവിരുദ്ധമായുള്ള നിർമ്മാണങ്ങൾ കണ്ടുപിടിക്കുന്നതിനും, തടയുന്നതിനും, റിപ്പോർട്ട് നൽകുന്നതിനുമായി എല്ലാ ജില്ലകളിലും റീജിയണൽ ജോയിന്റ് ഡയറക്ടർ, ടൗൺ പ്ലാനർ, സർക്കാർ നാമനിർദ്ദേശം ചെയ്ത ഉദ്യോഗസ്ഥർ എന്നിവരടങ്ങിയ ഒരു വിജിലൻസ് സ്ക്വാഡ് ഉണ്ടായിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ടി ചട്ടപ്രകാരം എല്ലാ ജില്ലകളിലും വിജിലൻസ് സ്ക്വാഡ് രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. ഇത് കൂടാതെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ ഒരു വിജിലൻസ് വിംഗും പ്രവർത്തിച്ചുവരുന്നു. വിജിലൻസ് വിംഗിൽ ലഭിക്കുന്ന പരാതി പരിശോധനയുടെയും നേരിട്ട് നടത്തുന്ന മിന്നൽ പരിശോധനയുടെയും അടിസ്ഥാനത്തിൽ കണ്ടെത്തുന്ന അനധികൃത നിർമ്മാണങ്ങളും ചട്ടലംഘനങ്ങളും സംബന്ധിച്ച് സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുന്നുണ്ട്. വിംഗിന്റെ പ്രവർത്തനം ആരംഭിച്ചതു മുതൽ 1853 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഇൻകം ഗ്യാരണ്ടി സ്കീമിന്റെ നടപ്പാക്കൽ

12 (*282) ശ്രീ. സി. മമ്മൂട്ടി :

ശ്രീ. കെ. എൻ. എ. ഖാദർ :

ശ്രീ. എൻ. എ. നെല്ലിക്കുന്ന് :

ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട നാമമാത്ര കർഷകർക്ക് ആശ്വാസം നൽകുന്നതിന് ആവിഷ്കരിച്ച "ഇൻകം ഗ്യാരണ്ടി സ്കീമിന്റെ" നടപ്പാക്കൽ സംബന്ധിച്ച വിശദവിവരം നൽകാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ചെറുകിട നാമമാത്ര കർഷകർ ഉല്പാദിപ്പിക്കുന്ന വിഭവങ്ങളുടെ വില അവർക്ക് ആദായകരമായ നിലവാരത്തിൽ നിലനിർത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇവർക്കായി പ്രഖ്യാപിച്ച ഇൻഷ്വറൻസ് സ്കീമിന്റെ വിവരം വെളിപ്പെടുത്തുമോ; എത്ര തുക ഈ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്; എത്ര കർഷകർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ):

(എ) 2014-15-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച "ഇൻകം ഗ്യാരണ്ടി സ്കീം" നടപ്പാക്കിയിട്ടില്ല.

(ബി) ചെറുകിട നാമമാത്ര കർഷകർ ഉത്പാദിപ്പിക്കുന്ന വിഭവങ്ങളുടെ വില അവർക്ക് ആദായകരമായ നിലവാരത്തിൽ നിലനിർത്താൻ കൃഷി വകുപ്പ് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

ഉൽപ്പന്നങ്ങൾക്ക് വിലയിടിവ് നേരിടുന്ന കർഷകരെ സഹായിക്കുന്നതിന് 'വിലസ്ഥിരതയുള്ള വിപണി ഇടപെടൽ' പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിൻപ്രകാരം പച്ചക്കറി, നാളികേരം, റബ്ബർ എന്നീ കാർഷികോൽപ്പന്നങ്ങൾക്ക് വിലത്തകർച്ച ഉണ്ടാകുന്ന സമയങ്ങളിൽ സർക്കാർ ഏജൻസികൾ മുഖേന സർക്കാർ നിശ്ചയിക്കുന്ന വിലയ്ക്ക് കർഷകരിൽനിന്നും നേരിട്ട് ഉൽപ്പന്നങ്ങൾ സംഭരിച്ച് സംസ്കരണവും വിപണനവും നടത്തി കർഷകർക്ക് ന്യായമായ വില ഉറപ്പുവരുത്തുന്നു. ഓണംപോലെയുള്ള ഉത്സവ കാലങ്ങളിലാണ് ഈ പദ്ധതി കൂടുതൽ നടപ്പിലാക്കുന്നത്. ഇതുവഴി കർഷകർക്ക് ന്യായമായ വില ഉറപ്പാക്കുന്നതോടൊപ്പം ഉപഭോക്താക്കൾക്ക് മിതമായ വിലയ്ക്ക് കാർഷികോൽപ്പന്നങ്ങൾ ലഭ്യമാകുന്നു. കൃഷി വകുപ്പിനുകീഴിലുള്ള ആറ് മൊത്ത വ്യാപാര വിപണിയും അഞ്ച് ജില്ലാതല സംഭരണ കേന്ദ്രങ്ങളും മുഖേനയുള്ള കാർഷികോൽപ്പന്ന സംഭരണവും അവയുടെ ലേലത്തിലൂടെയുള്ള വിപണനവുംവഴി കർഷകർ ഉൽപാദിപ്പിക്കുന്ന കാർഷികോൽപ്പന്നങ്ങളുടെ വിലനിലവാരം അവർക്ക് ആദായകരമായ രീതിയിൽ നിലനിർത്തുന്നതിന് കഴിയുന്നുണ്ട്. തെരഞ്ഞെടുത്ത കൃഷിഭവൻ വഴി നടപ്പിലാക്കിവരുന്ന പച്ചത്തേങ്ങ സംഭരണവും ടി ഉൽപ്പന്നത്തിന് കർഷകർക്ക് ആദായകരമായ വില ഉറപ്പാക്കുവാൻ സഹായിക്കുന്നുണ്ട്.

(സി) കർഷകർക്ക് 90 ശതമാനം സർക്കാർ പ്രീമിയത്തോടുകൂടി ഇൻകം ഗ്യാരന്റിയും വിലനിർണ്ണയാവകാശവും ഉറപ്പാക്കുന്ന ഒരു പദ്ധതി 2014-15-ലെ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ ടി പദ്ധതി നടപ്പിലാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly